# "അതിജീവനത്തിന്റെ കഥ"



**Digitalmagazine 2019-20**

**GHS MUNDERI**


**IT CLUB NO. LK 2018 / 48138**

സമർപ്പണം

ദുരന്തം ഞങ്ങളിൽ നിന്ന് കവർന്നെടുത്ത പ്രിയപ്പെട്ട കൂട്ടുകാരിയായ കൈറ്റ്

# സ്വാതിയ്ക്ക്...........





## ആമുഖം.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ വളരെ കഠിനമായ പരിശ്രമത്തിന്റെ ഫലമാണ് അതിജീവനത്തിന്റെ കഥ. അറിയാത്ത ആകാശങ്ങളേക്കാൾ അവരനുഭവിക്കുന്ന ഇത്തിരി വട്ടത്തിന്റെ ഒത്തിരി പ്രശ്നങ്ങളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പ്രളയം താണ്ഡവമാടിയ ഒരു പ്രദേശം അതിനെ അതിജീവിക്കാൻ നടത്തുന്ന അശ്രാന്ത പരിശ്രമങ്ങളിൽ അവരും ഭാഗവാക്കാണ്. അനുഭവങ്ങളേക്കാൾ തീഷ്ണമായി മറ്റൊന്നുമില്ല. ആ അനുഭവങ്ങളുടെ നേരാവിഷ്കാരമാണ് "അതിജീവനത്തിന്റെ കഥ"

ഈ കഥ വായനക്കാർക്കായി സമർപ്പിക്കുന്നു.

## സന്ദേശം

മുണ്ടേരി ഗവ:ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ അവരുടെ അനുഭവങ്ങളുടെ ആവിഷ്കാരമാണ്. പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ടാണ് അവരിത് തയ്യാറാക്കിയത്. നേതൃത്വം നൽകിയ അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും എല്ലാവിധ അഭിനന്ദനങ്ങളും.

ഈ മികവ് നിലനിർത്താൻ സാധിക്കട്ടെ..



ആശംസകളോടെ.

ശ്രീമതി. ആന്റോ സുജ ഡി

**ഹെഡ്മിസ്ട്രസ്**

## സന്ദേശം

ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കിയ **" അതിജീവനത്തിന്റെ കഥ "** എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.....



ശ്രീ. റഫീഖ് കെ.എസ്

പി.ടി.എ പ്രസിഡന്റ്

## കൺമുന്നിലെ പ്രളയം

കഥകളിലും വാർത്തകളിലും മാത്രം അറിഞ്ഞ പ്രളയം കൺമുന്നിൽ സംഭവിച്ചപ്പോൾ ആദ്യം പകച്ചുപോയ നാട്ടുകാരിൽ ഞങ്ങളും ഉണ്ടായിരുന്നു. ആ അനുഭവത്തിന്റെ ആവിഷ്ക്കാരത്തിനാണ് ഞങ്ങൾ ശ്രമിച്ചത്. ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തിന്റെ പുതുമ ഉൾകൊണ്ട് കൊണ്ട്അതിജീവനത്തിന്റെ കഥ പരമാവധി മികച്ചതാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. അധ്യാപകരും കൂട്ടുകാരും നൽകിയ പിന്തുണ നന്ദി പറഞ്ഞ് ബാധ്യത തീർക്കാവുന്നതിനും അപ്പുറമാണ്. എങ്കിലും ഔപചാരികതയ്ക്ക് വേണ്ടി ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും ഒരു നന്ദി...


ചീഫ് എഡിറ്റർ

ഹനാന കെ.പി


9 ബി



"അതിജീവനത്തിന്റെ കഥ "
ഇതിൽ സഹനമുണ്ട്
സന്താപമുണ്ട്
ആകുലതകളും വേവലാതികളുമുണ്ട്
അതിലെല്ലാമുപരി,
അതിനെ അതിജീവിക്കാനുള്ള
സ്വപ്നങ്ങളും പ്രതീക്ഷയും ആർജ്ജവവുമുണ്ട് .....................



***എഡിറ്റോറിയൽ ബോർഡ്***
***(ലിറ്റിൽ കൈറ്റ്സ്2019-20)***



## കവളപ്പാറ ദുരന്തം...

ഞങ്ങളുടെ പ്രിയകൂട്ടുകാരി 9ാം ക്ലാസ്സിൽ പഠിച്ചിരുന്ന സ്വതിയെ കുറിച്ചുള്ള ഓർമകൾ ഞങ്ങളെ വല്ലതെ വേദനിപ്പിച്ചു. ആകാശം മുട്ടെ ഉയർന്നു നിൽക്കുന്ന മുത്തപ്പൻ കുന്ന് മഹാ പ്രവാഹങ്ങളയി താഴേക്ക് കുതിച്ചു. ഉരുൾപൊട്ടലിൽ ആ ഭാഗത്തെ വീടുകൾ നാമാവിശേഷമായി. വലിയ വലിയ പാറകളും വൻ മരങ്ങളും ആർത്തലച്ചുവന്നു. എല്ലാം ഞൊടിയിടയിൽ കഴിഞ്ഞു. എന്തു സംഭവിച്ചു എന്നു പോലുംചിന്തിക്കാൻ സമയമില്ലാതെ ആ മഹാവിപത്ത് ആ കുടുംബങ്ങളെ വിഴുങ്ങിക്കളഞ്ഞ് നിർജ്ജീവമായ മനസോടെയാണ് ഞങ്ങളവിടെ ബസ്സിറങ്ങിയത് . മുന്നിൽ എല്ലാത്തിനും സാക്ഷിയായി മുത്തപ്പൻ കുന്ന് . ജെ.സി.ബി. ഉപയോകിച്ച് പലതവണ തിരഞ്ഞിട്ടും കിട്ടാത്ത മൃതദേഹങ്ങൾ ആ മണ്ണിനടിയിലുണ്ടന്ന് ടീച്ചർ പറഞ്ഞുതന്നു. കുഴഞ്ഞു മറിഞ്ഞ മണ്ണിൽ കുട്ടുകാരുടെ ബാഗും സൈക്കളും പുതഞ്ഞ് കിടക്കുന്നത് മനസ്സിൽ നൊമ്പരമുണ്ടാക്കി. വലിയ പറകൾക്കിടയിൽ ഞെരിഞ്ഞമർന്ന വീടുകൾ ഓരടയാളം പോലും ബാക്കി വെക്കാതെ പ്രകൃതിയുടെ വികൃതിയാൽ മാഞ്ഞുപോലും നനഞ്ഞു കുതിർന്ന ആ ചെമ്മണ്ണിൽ ആഴ്ന്ന് പൊയിരിക്കുന്നു വിചിത്രമായി . അതിനിടയിൽ ചില ഒറ്റപ്പെട്ട വീടുകൾ. ഒരുമയുടെ പാഠമായിരുന്നു അവിടെ കേട്ടത്. പ്രാണരക്ഷാർത്ഥം കൂടിനിന്ന വീട് ഒരുപാട് മനുഷ്യരുമായി മണ്ണിനടിയിലായി. അവരു വീട് എല്ലാത്തിനും മൂകസാക്ഷിയായി ഇന്നും അവിടെ ഉയർന്നുനിൽക്കുന്നു. മുത്തപ്പൻ കുന്നിന്റ മാറില്റ്റ മാറാമുറിവ് സ്വന്തം ഹ്വദയങ്ങളില്ല് ആവാഹിച്ചകൊണ്ട് ഞങ്ങൾ കവളപാറയോട് വിട പറഞ്ഞു പോയി.

## അന്നു പെയ്ത മഴയിൽ ......



നമ്മൾ എവിടെ വെച്ചാണ് ആദ്യം കണ്ടത് എന്ന് ഓർമ്മയുണ്ടോ... അയാൾ ബസ്സിന്റെ ജാലകത്തിലൂടെ പുറത്തെക്കാഴ്ച്ചകൾ നോക്കി കൊണ്ട് തന്റെ തോളിലേക്ക് ചാഞ്ഞ് ഇരിക്കുന്ന പ്രിയയോട് ചോദിച്ചു ...ആദി പട്ടാളത്തിൽ നിന്നും തിരികെ പോരുന്ന സമയം ട്രെയിനിൽ വെച്ച് മംഗലാപുരത്ത് നിന്നും ഞാൻ കയറി...പിന്നെ നിലമ്പൂർ ആയപ്പോഴേക്കും നമ്മൾ നല്ല സുഹൃത്തുക്കളായി കഴിഞ്ഞിരുന്നു...കോട്ടയത്ത് വന്നതേ ഞാൻ ആദിയെ വിളിച്ചു... ഉം,... പിന്നെ നമ്മൾ ഒരുപാട് സംസാരിച്ചു... അറിയാതെ നമ്മളിൽ പ്രണയം തളിരിട്ടു.എന്തേ ഇത് ഇപ്പോൾ ചോദിക്കാൻ...അവൾ അയാളോട് ചോദിച്ചു...ഏയ് ഒന്നുമില്ല വെറുതെ,നിനക്ക് സങ്കടം ഒന്നുമില്ലേ...


അയാൾ അവളോട് ചോദിച്ചു.എന്തിന് അവൾ അയാളുടെ മുഖത്തേക്ക് നോക്കി കൊണ്ട് ചോദ്യഭാവത്തിൽ തിരക്കി...രാജകുമാരിയെപോലെ ജീവിച്ചിട്ട് കഷ്ടപ്പാട് നിറഞ്ഞ എന്റെ ജീവിതത്തിലേക്ക് കടന്നു വന്നു.സ്നേഹിച്ചിരുന്ന എല്ലാവരേയും വിട്ടുപോന്നില്ലേ...അതിന്റെ വിഷമം നിനക്കില്ലേ...അയാൾ വാർമുടിയിൽ തഴുകികൊണ്ട് വാൽസല്യത്തോടെ ചോദിച്ചു.ആദ്യമൊക്കെ വിഷമം തോന്നിയിരുന്നു ഇപ്പോൾ അതൊക്കെ മാറി ഇനി ഒരു അതിഥി കൂടി നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരാൻ പോവുകയല്ലേ ആദിയേട്ടാ അവൾ തന്റെ വയറിൽ തലോടികൊണ്ട് പറഞ്ഞു.ഉം,അടുത്ത മാസം മുതൽ ബസ്സ് യാത്ര ഒഴിവാക്കണം...അയാൾ അവളോട് പറഞ്ഞു...അതേ ഇനി കുഞ്ഞ് ഉണ്ടായി കഴിഞ്ഞിട്ട് മതി യാത്രയെല്ലാം അവൾ മറുപടിയായി അയാളോട് പറഞ്ഞു.നിലമ്പൂർ 2 കിലോമീറ്റർ എന്ന സൂചനാബോർഡ് കാണാം.പച്ചവിരിച്ച തേക്കുംമറ്റ് അനേക വൃക്ഷത്തലപ്പുകൾക്കിടയിലൂടെ ഉള്ള കരിമ്പാതയിലൂടെ



നിലമ്പൂർ ലക്ഷ്യമാക്കി ബസ്സ് മുന്നോട്ട് പോയികൊണ്ടിരുന്നു...നമ്മുടെ കാർത്തു അമ്മായി ഉറങ്ങി പോയെന്നാ തോന്നുന്നത് പ്രിയ ആദിയോട് പറഞ്ഞു...നല്ല ദൂരം ഇരുന്നതല്ലേ...പ്രസവ ശുശ്രൂഷക്കായി പ്രിയയുടെ നാട്ടിൽ നിന്നും കൂടെ കൂട്ടിയതല്ലേ...അമ്മായി ..,എഴുന്നേറ്റേ സ്ഥലം എത്താറായി അവൾ അവരെ തട്ടി ഉണർത്തി.കുഞ്ഞേ..., ഞാൻ ഒന്ന് മയങ്ങിപ്പോയി അവർ ഉറക്കച്ചടവോടെ അവളോട് പറഞ്ഞു.അപ്പോൾ ബസ്സ് നിലമപൂർ ബസ്സ് സ്ററാന്റിലേക്ക് കയറി.ബസ്സ് നിരുത്തിയ ശേഷം വളരെ കരുതലോടെ ആദി അവളുടെ കൈകകളിൽ പിടിച്ച് ബസ്സിൽ നിന്നും ഇറക്കി.ഏട്ടാ...ഒരു ചായ കുടിച്ചിട്ടുപോകാം...അവൾ അയാളോട് പറഞ്ഞു.അങ്ങനെ ആദിയുടെ സുഹൃത്ത് കൂടിയായ നൗഷാദിന്റെ കോഫീഷോപ്പിൽ കയറി ചായ കുടിച്ച ശേഷം അവർ ഓട്ടോയിൽ അവരുടെ വീട്ടിലേക്ക് തിരിച്ചു.മോനെ...വീച്ചിലേക്ക് ഉള്ള ആഹാര സാധനങ്ങൾ എല്ലാം ഉണ്ടോ കാർത്തു അമ്മായി ആദിയോട് ചോദിച്ചു.അമ്മായി ആദ്യമായി നിലമ്പൂരിൽ വരികയായതുകൊണ്ടോ ഇങ്ങനെ ചോദിച്ചത്...അയാൾ ഒരു ചെറുപുഞ്ചിരിയോടെ പറഞ്ഞു.വഴിക്കടവിൽ നിന്നും അൽപ്പം ദൂരം കൂടി പിന്നിട്ടു.മലയുടെ അടിവാരത്ത് ഉള്ള ഒരു കൊച്ചു വീടിനു മുമ്പിൽഓട്ടോ ചെന്നു നിന്നു.പഞ്ചാരമണൽവിരിച്ച പൂച്ചെടികൾ നിറഞ്ഞ ഗ്രഹാതുരത്വം ഉണർത്തുന്ന ഓട് മേഞ്ഞ പഴയ വീടിനു മുറ്റത്തേക്ക് അവർ ഇറങ്ങി.ഇത് ഒരു സ്വർഗമാണെന്ന് പറഞ്ഞപ്പോൾ ഞാൻ ഇത്രെയും പ്രതീക്ഷിച്ചില്ല...കാർത്തു അമ്മായി ആദിയോടും പ്രിയയോടും അത്ഭുതത്തോടെ പറഞ്ഞു.ആദിലും പ്രിയയും എത്തിയയോടെ അയൽപ്പക്കത്തെ സ്മിതയും സൗമ്യയും അഖിലയും എത്തി.അഖിലയുടെ കയ്യിൽ ആയിരുന്ന വീടിന്റെ താക്കോൽ അവൾ പെട്ടെന്ന് തന്നെ വീടിന്റെ വാതിൽ തുറന്നു.ഞാൻ പറഞ്ഞതാ ആദിയോട് നാട്ടിൽ നിന്നും ആരെയും കൊണ്ട് വരണ്ടാ എന്നും,ഞങ്ങൾ നോക്കിക്കൊള്ളാം എന്ന് പെട്ടെന്ന് അവിടേക്ക് കടന്നു വന്ന നാൻസി പറഞ്ഞു.നാൻസിയെ കണ്ടില്ല എന്ന് കരുതി ഇരിക്കുകയായിരുന്നു...അമ്മായി...,ഇത് നാൻസി ആദി കാർത്തുഅമ്മായിക്ക് ഓരോരുത്തരായി പരിചയപ്പെടുത്തിക്കൊടുത്തു.ഇവരുടെയൊക്കെ കെട്ട്യോൻമാര് വൈകിട്ട്




എത്തും അപ്പോൾ അവരേയും പരിചയപ്പെടുത്താം.ഓരോരുത്തരും ഓരോരോ ജോലികളിലായി നിലമ്പൂരിൽ തന്നെ ഉണ്ട്.നിലമ്പൂർ വിട്ട് ഇവിടുത്തുകാർ ദൂരെ ഒന്നും പോകാറില്ല കേട്ടോ അമ്മായീ...,അയാൾ കാർത്തുഅമ്മായിയോട് പറഞ്ഞു.ആഹ്...,ഒരുപാട് സന്തോഷമായി പ്രിയമോൾക്ക് ഉറ്റവർ ആയി ആരുമില്ല എന്നൊരു തോന്നൽ ഇനി ഉണ്ടാവില്ല.ഇവരുടെ സ്നേഹം കണ്ടപ്പോഴേ എനിക്ക് മനസ്സിലായി. കാർത്തുഅമ്മായി നിറഞ്ഞു തുളുമ്പിയ തന്റെ കണ്ണുകൾ തുടച്ചുകൊണ്ട് പറഞ്ഞു.അങ്ങനെ ദിവസങ്ങൾ കടന്നുപോയി,സർക്കാർ ബാങ്കിൽ ആദിലിന് പെട്ടെന്നായിരുന്നു ഗൺമാനായി ജോലി ലഭിച്ചത്.ഒരു വർഷം മുമ്പ് ടെസ്റ്റ് എഴുതിയിരുന്നതാണ്,വിളിക്കില്ല എന്നും കരുതിയതാണ് ഈശ്വര കടാക്ഷം കൊണ്ട് സാമ്പത്തികമായി നല്ല ബുദ്ധിമുട്ടുള്ള സമയത്താണ് അയാൾക്ക് ജോലി ലഭിക്കുന്നത്.പ്രിയയുടെ പ്രസവത്തിനുള്ള തീയതിക്ക് ഒരാഴ്ച കൂടിയൊള്ളൂ...പക്ഷെ,പ്രിയക്ക് പ്രസവവേദന തുടങ്ങി.അയൽക്കാർ എല്ലാവരും ചേർന്ന് ആശുപത്രിയിൽ കൊണ്ടുപോകാൻ തുടങ്ങി.എങ്കിലും അവൾ വീട്ടിൽ തന്നെ പ്രസവിച്ചു.മുഖശ്രീ ഉള്ള തങ്കകുടം പോലത്തെ ഒരു പെൺകുഞ്ഞ്.പുഴയോളം ചെല്ലുന്ന ദൂരെ എത്തി അവളുടെ കരച്ചിൽ.പ്രിയയുടെ അമ്മ കുഞ്ഞിലെ അവളെ പാടി ഉറക്കിയിരുന്ന "ഓമനത്തിങ്കൾ കിടാവോ "എന്ന താരാട്ട് അവൾ തന്റെ മകൾക്കും പാടിക്കൊടുത്തു.നമ്മുടെ അതേ ദിവസം തന്നെ മറ്റൊരു പ്രസവം കൂടിനടന്നു.പ്രിയയുടെ വീട്ടിലെ ചിന്നു എന്ന ജമ്നാപ്യാരി...ആട് സാധാരണ ഒറ്റ പ്രസവത്തിൽ രണ്ടും മൂന്നും കുഞ്ഞുങ്ങൾ ഉണ്ടാവേണ്ടതാണ്.എന്നാൽ കഴുത്തിൽ കിങ്ങിണി ഒക്കെയായി ചിന്നുവിന് ഒരേയൊരു കുസൃതി കിങ്ങിണിയാണ് പിറന്നത്.കുഞ്ഞിന് എന്ത് പേരിടും തുടങ്ങിയ ചർച്ചകൾ ആയി പിന്നീടങ്ങോട്ട്...അവസാനം പ്രിയയും ആദിയും ഒരു തീരുമാനത്തിലെത്തി...കുഞ്ഞിന് കിങ്ങിണി എന്ന് പേരിടാൻ...മോളു പിറന്ന അതേ ദിവസം ദൈവം തന്ന മറ്റൊരു കുഞ്ഞുജീവൻ അതും പെൺകുഞ്ഞായിരുന്നു.ആട്ടിൻ കുട്ടിയും കിങ്ങിണി കുലുക്കിമുറ്റത്ത് കൂടി തുള്ളിച്ചാടി നടക്കും.പ്രിയ ആട്ടിൻകുട്ടിയെ കുട്ടിമാലു എന്ന്



വിളിച്ചു...കുട്ടിമാലുവിന് ഇടാൻ വെച്ചിരുന്ന പേരായിരുന്നു കിങ്ങിണി.കിങ്ങിണി എന്ന പേര് മതി തങ്ങളുടെ മോൾക്ക് എന്നായി പ്രിയയും ആദിയും.പെട്ടെന്ന് തന്നെ ദിവസങ്ങൾ കൊഴിയുന്ന പോലെ ഒരു വർഷം കടന്നു പോയി.കിങ്ങിണി മോളുടെ ഓണം പിറന്നാൾ എല്ലാം ഭംഗിയായി ആഘോഷിച്ചു.പെട്ടെന്ന് മഴ ചിന്നം പിന്നം പെയ്തു തുടങ്ങി.കാലവർഷം വൈകിയെത്തിയെന്നതായിരുന്നു കരുതിയത്.കാലവസ്ഥ പ്രവചനം ടി വിയിൽ വന്നു.ബംഗാൾ ഉൾക്കടലിലും പടിഞ്ഞാറൻ അറബിക്കടലിലും ന്യൂനമർദ്ദം രൂപംകൊണ്ടിരിക്കുന്നു.അടുത്ത 48 മണിക്കൂറിനുള്ളിൽ അത് കൊടുങ്കാറ്റായി മാറും.അപ്പോൾ തന്നെ എല്ലാ ജില്ലകളിലും യെല്ലോ,ഓറഞ്ച് അലേർട്ടുകൾ പ്രഖ്യാപിച്ചു. മഴയുടെ ശക്തി കൂടി കൂടി വന്നു.പുഴ അലറിപാഞ്ഞ് ഒഴുകുകയാണ്. എടക്കര,കരുളായി,മുണ്ടേരി, പോത്തുക്കല്ല് എന്നീ പ്രദേശങ്ങൾ വെള്ളത്തിനടിയിലാകാൻ തുടങ്ങി. പ്രിയേ...നമുക്ക് പോത്തുക്കല്ലിൽ ഉള്ള ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറണം.അത്യാവശ്യസാധനങ്ങൾ,പട്ടയവും മറ്റ് രേഖകളും വസ്ത്രങ്ങളുമൊക്കെ നീ ബാഗിൽ എടുത്തു വെക്കണം.ഇന്ന് ബാങ്ക് ഉച്ചവരെ ഒള്ളൂ...മഴ കൂടുകയാണെങ്കിൽ നീ നാൻസിയുടെയും സ്മിതയുടെയും കൂടെ ക്യാമ്പിലേക്ക് പോകണം അയാൾ ഫോണിൽ കൂടെ പ്രിയയോട് പറഞ്ഞു.ശരി വേഗം വരണേ ഏട്ടാ...അവൾ വേവലാതിയോടെ അയാളോട് പറഞ്ഞു.ആദിൽ വന്ന ഉടൻ തന്നെപ്രിയയെയുമം ചിന്നുവിനെയും കുട്ടിമാളുവിനെയും എല്ലാം ദുരിദാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി.വളരെ ഭയങ്കരമായ അന്തരീക്ഷമായിരുന്നു പിന്നീടങ്ങോട്ട് തുടർന്നുള്ള മണിക്കൂറുകളിൽ കേരളത്തിലെ മിക്ക ജില്ലകളിലും റെഡ് അലർട്ട് പ്രഖ്യാപിച്ചു. പേമാരിയും കൊടുങ്കാറ്റും തകർത്താടി...വൈദ്യുതിയും മൊബൈൽ ഫോണും ടവറുമെല്ലാം പ്രവർത്തന രഹിതമായി. ദുരിതങ്ങളുടെ പെരുമഴയിൽ നാടും നാട്ടുകാരും മുങ്ങി പോകുന്നതായിരുന്നു പിന്നെ കണ്ടത്.


സംഗീത പി.എൻ



## ദുരന്തമുഖം

സജീവമായിരുന്ന ഞങ്ങളുടെ പകലുകൾ.......ശാന്തമായിരുന്ന ഞങ്ങളുടെ രാത്രികൾ....മഴ ഞങ്ങൾക്കെന്നും ഹരമായിരുന്നു.സന്തോഷിപ്പിച്ചും സാന്ത്വനിപ്പിച്ചും,കുളിരണിയിച്ചും,കോരിത്തരിപ്പിച്ചും അങ്ങനെ മഴയുടെ ഭാവങ്ങൾ ഞങ്ങളറിഞ്ഞു.ഇരുമ്പിയാർത്തും,ചിണുങ്ങി കരഞ്ഞും, കൊഞ്ചികുഴഞ്ഞും പുഞ്ചിരിച്ചും,പൊട്ടിചിരിച്ചും പെയ്തിറങ്ങിയ മഴയെ ഏറെ കബളിപ്പിക്കുകയായാണെന്ന് ഞങ്ങൾ കരുതിയതേയില്ല......ദുരന്തമായി പെയ്തിറങ്ങിയ അവളുടെ സുരഭാവം കണ്ടു പ്രകൃതി പോലും ഭയന്നുവിറച്ചു.
തുള്ളികൊരു കുടമായിരുന്നില്ല.ആകാശ ലോകം മുഴുവൻ മഹാസമുദ്രമായതു പോലെ ഭൂമിദേവിയുടെ മാറിൽ മായാത്ത മുറിവേൽപ്പിച്ചവരോട്,അവൾ മധുരപ്രതികാരം ചെയ്തു. മഴ എന്ന മനോഹര സങ്കൽപത്തെ കീഴ്മേൽ മറിച്ച സംഹാരമുദ്രയായി അവൾ പെയ്തിറങ്ങി "എന്തു നല്ല മഴ"എന്ന് പുകഴ്തിയവർ തന്നെ ഈ നശിച്ച മഴ തോരുന്നില്ലലോ.......എന്നവളെ ശകാരിച്ചു.
മലയോരങ്ങളിലെ കുടുബങ്ങളിലാവട്ടെ തീരാദുരിതമായി. പ്രകൃതിയെ ചൂഷണം ചെയ്ത് രമ്യഹർമ്യങ്ങൾപണിതുയർത്തിയവരേയും.വിനോദങ്ങൾക്കുവേണ്ടി, വികസനമെന്ന പേരും പറഞ്ഞ് വികലമായ കാഴ്ചപ്പാടുകളുമായി ഹിമാലയൻ വിഡ്ഢിത്തങ്ങൾ ചെയ്തു കൂട്ടിയവരെയും അവൾ എന്നേക്കുമായി ഒരു പാഠം പഠിപ്പിച്ചു.

ഒരിക്കലും മറക്കാത്ത പാഠം,
വരും തലമുറക്കുപോലുംപാഠമാകേണ്ട ഒരിക്കലും മാഞ്ഞു പോകാത്ത പാഠം.
കരിങ്കൽ കോട്ടാരങ്ങൾ കെട്ടാൻ മലതുരന്ന് വെടിമരുന്ന് നിറച്ചവർവർ.



## പ്രളയത്തെ അതിജീവിച്ച കേരളം ...

പ്രളയം വന്ന കേരളം ആകെ പ്രതിസന്ധിയിലായി
മഴയും കാറ്റും വെള്ളപ്പൊക്കം വന്ന നമ്മുടെ
പച്ചപ്പാർന്ന കേരളമാകെ തകർന്നടിഞ്ഞു..
വീടുകളും പുഴകളും നാടും പ്രളയം കൊണ്ടുപോയ്
മനുഷ്യരുടെ ജീവിതം ബാക്കിയായ്
പ്രളയം കേറിയിറങ്ങിയ കേരളം പിന്നെ
നവകേരളം ഉണരുന്ന
നവകേരളം പ്രളയത്തെ അതിജീവിച്ച-
കൊണ്ട് മുന്നോട്ട് നീങ്ങുന്ന നമ്മുടെ കേരളം
നവകേരളം ഉണർന്ന് പ്രളയത്തെ
അതിജീവിച്ച കൊണ്ട് നമ്മുടെ
കേരളപച്ചപ്പിനെ തിരികെ കൊണ്ട് വന്ന
നമ്മുടെ നവകേരളത്തെ തിരികെയാക്കാം....


## സംസാരിക്കുന്ന ഗുഹ

ഒരു ദിവസം സിംഹത്തിന് ആഹാരമൊന്നും കിട്ടിയില്ല.നടന്ന് നടന്ന് തളർന്നു സൂര്യൻ അസ്തമിക്കാറായി. ഒറ്റ മൃഗത്തെയും കാണുന്നില്ല. കാട്ടിലെ രാജാവാണെന്നു പറഞ്ഞിട്ടെന്താ! ഭക്ഷണം വേണ്ടേ? അതാ ഒരു ഗുഹ, ഏതെങ്കിലും മൃഗത്തിന്റെ താവളമായിരിക്കും. കയറി നോക്കാം. ഇല്ല അകത്തൊന്നുമില്ല. നേരം ഇരുട്ടുമ്പോൾ അവിടുത്തെ താമസക്കാരൻ വരും. അതുവരെ കാത്തിരിക്കാം. അത് ഒരു കുറുക്കന്റെ താമസസ്ഥലമായിരുന്നു. സന്ധ്യയായപ്പോൾ പതിവുപോലെ കുറുക്കൻ തിരിച്ചെത്തി. നേരിയ വെളിച്ചത്തിൽ കുറുക്കൻ കണ്ടു. ഒരു സിംഹത്തിന്റെ കാൽപ്പാടുകൾ. അകത്തേക്ക് പോയിട്ടുണ്ട്. തിരിച്ചുപോയ അടയാളങ്ങളില്ല. സൂക്ഷിക്കണം അവന് ഒരു ബുദ്ധി തോന്നി. കുറുക്കൻ ഉറക്കെ വിളിച്ചു.

" ഗുഹേ എന്റെ പൊന്നുര ഗുഹേ.. ഞാൻ വന്നിട്ടെന്താ മിണ്ടാത്തെ, വിശേഷങ്ങളൊക്കെ ചോദിക്ക് അതല്ലേ പതിവ്."

സിംഹം അത് കേട്ടു. അതു കൊള്ളാമല്ലോ സംസാരിക്കുന്ന "ഗുഹ". കുറുക്കൻ വീണ്ടും പറഞ്ഞു. നീയെന്താല വിളിപോലും കേൾക്കാത്തത്? ദാ ഞാൻ പിണങ്ങി പോകുമേ..ഞാൻ ഒന്നു കൂടി വിളിക്കും. വിളി കേട്ടില്ലെങ്കിൽ അടുത്ത ഗുഹയിൽ പോകും. ഗുഹേ ഇനിയും മിണ്ടിയില്ലെങ്കിൽ കുറുക്കൻ പിണങ്ങിപോകും. അടുത്ത് കിട്ടിയ ഇര നഷ്ടപ്പെടും എന്ന് കരുതി സിംഹം ഉച്ചത്തിൽ വിളികേട്ടു. അത് ഒരു അലർച്ചയായിരുന്നു ഗുഹയിൽ നിന്ന് അതു മുഴങ്ങി. കുറുക്കൻ തന്റെ ജീവനും കൊണ്ടോടി.

അൽത്താഫ്
9 ബി



## കടങ്കഥകൾ

1. മാനത്തെ മുട്ടയ്ക്ക് പിടിക്കാൻ ഞെട്ടില്ല - ചന്ദ്രൻ
2. ആനകേറാമല ആടുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി - നക്ഷത്രങ്ങൾ
3. ഒരു മുറം മലരിലൊരു തേങ്ങാക്കൊത്ത് - ചന്ദ്രക്കല
4. അടിക്ക് വെട്ട്, നടുക്ക് കെട്ട് -
5. ചെത്തി തേച്ച ചുമരിൻമേൽ വിരിഞ്ഞു വരുന്ന പൂക്കൾ - നക്ഷത്രങ്ങൾ
6. കാടുവെട്ടി, ഓടുവെട്ടി വെള്ളവെട്ടി, വെള്ളം കണ്ടു - തേങ്ങ
7. അകത്ത് തിരിതെറുത്ത് പുറത്ത് മുട്ടയിട്ടു - കുരുമുളക്
8. അക്കരെ വെടിപൊട്ടുമ്പോൾ ഇക്കരെ കുട വിരിയുന്ന - ഇടിവെട്ടി കൂൺ വിരിയുന്നത്
9. അച്ഛൻ മുള്ളൻ,അമ്മ മിനു മിനു, മോൾ മണി മണി - ചക്ക
10. അടി പാറ, നടു വടി, മീതെ കുട - ചേന
11. അടിച്ചുവാരിയ മുറ്റത്ത് വാരിയെറിഞ്ഞ മണൽത്തരികൾ - നക്ഷത്രങ്ങൾ
12. അക്കരെ നിൽക്കും മച്ചമ്പി, ഇക്കരെ നിൽക്കും മച്ചമ്പി, കടലിൽച്ചാടും മച്ചമ്പി, കുന്നിൻ മുകളിൽ കയറും മച്ചമ്പി - സൂര്യൻ
13. അവിടെ കണമ്ട്ടു, ഇവിടെ കണ്ടു, പിന്നെ കണ്ടില്ല - മിന്നാമിനുങ്ങ്
14. ആയിരം പൊടിയരിക്ക് അരമുറി തേങ്ങ - നക്ഷത്രങ്ങളും പൂർണ്ണ ചന്ദ്രനും
15. ആയിരം പറ അവലിൽ ഒരു പൂള് കൊട്ടതേങ്ങ - നക്ഷത്രങ്ങളും ചന്ദ്രനും
16. ആരു കാണാതെ വരും, ആരുംകാണാതെ പോകും - കാറ്റ്
17. ആകാശത്തൊരു പഞ്ഞികിടക്ക - മേഘം
18. ഇന്നാള് കണ്ട തേങ്ങാപ്പൂള് ഇന്നേയ്യൊരു വെള്ളിത്തളിക - ചന്ദ്രൻ
19. എങ്ങും തിങ്ങി നടക്കും ആർക്കും പിടി കൊടുക്കില്ല - കാറ്റ്


    എന്റെ പായ മടക്കീട്ടും മടക്കീട്ടും തീരുന്നില്ല - ആകാശം



## കുഞ്ഞിക്കിളിയുടെ അത്യാഗ്രഹം

ഒരുദിവസം ഒരുകാട്ടിൽ ഒരു കുഞ്ഞിക്കിളി ഉണ്ടായിരുന്നു. അവർ തനിച്ചായിരുന്നു താമസം. ഒരു ദിവസം അവർ ആഹാരം തേടി പറന്ന് മറ്റൊരു കാട്ടിലേക്ക് പോയി. എന്നാൽ ആ കുഞ്ഞിക്കിളിക്ക് ഭക്ഷണം കിട്ടിയില്ല. അവർ കുറേനേരം പറന്നു. എന്നാൽ അവർക്ക് ഒന്നും തന്നെ ലഭിച്ചില്ല. വിശന്ന് വലഞ്ഞ് അവർ കുറച്ച് നേരം വിശ്രമിച്ചു. അപ്പോൾ അതാ നല്ല പഴുത്ത മാമ്പഴത്തിന്റെ മണം. അവർ അങ്ങോട്ട് പറന്നു പേയി മാമ്പഴം കൊത്തിതിന്നാൻ തുടങ്ങി.അപ്പോൾ അതാ നല്ല നെയ്യപ്പത്തിന്റെ മണം. അവർ അങ്ങോട്ട് പറന്നു. അപ്പോൾ അവിടെ നിറയെ ഉറുമ്പുകൾ ഉണ്ടായിരുന്നു. അവർ അപ്പോൾ വേഗം ചക്കപ്പഴത്തിന്റെ അടുത്തേക്ക് പറന്നു. അവിടെ കാക്കയും കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. അവർക്ക് നന്നായി വിശക്കുന്നുണ്ടായിരുന്നു. അപ്പോൾ അവർക്ക് മനസ്സിലായി അത്യാഗ്രഹം ആപത്താണ്. ആദ്യം കിട്ടിയ മാമ്പഴം ഭക്ഷിച്ച് വിശപ്പടക്കിയാൽ മതിയായിരന്നെന്ന് അവർക്ക് തോന്നി.


ഫിദ ഷെറിൻ ഇ



## തവള പഠിപ്പിച്ച പാഠം

മുയലുകൾക്ക് പണ്ട് ജീവിതം മടുത്തു. ലോകത്തിലുള്ള ഏത് ജീവിയേക്കാളും അരക്ഷിതാവസ്ഥയിൽ കഴിയുന്നത് തങ്ങളാണ്. എവിടേയും ശത്രുക്കൾ. ഒരിടത്തും സ്വൈര്യമില്ല. അവസാനം അവർ കൂട്ടായ ഒരു തീരുമാനമെടുത്തു. നമുക്കെല്ലാവർക്കും കൂടി വെള്ളത്തിൽ ചാടി ജീവിതം അവസാനിപ്പിക്കാം. എല്ലാ മുയലുകളും ഒന്നിച്ച് വരിവരിയായി ഒരു തടാകത്തിന്റെ കരയിലെത്തി. അപ്പോൾ തടാകകരയിൽ വെയിൽ കായാനെത്തിയ ഒരുപറ്റം തവളകളുണ്ടായിരുന്നു. അവരാകട്ടെ, ഈ മുയൽപ്പടയെകണ്ട് പേടിച്ച് വെപ്രാളത്തിൽ വെള്ളത്തിലേക്ക് ചാടി. ഇത് കണ്ട മുയൽ നേതാവ് ആത്മഹത്യചെയ്യാൻ വന്ന സ്വവർഗ്ഗക്കാരോട് പറഞ്ഞു. അല്ലയോ സുഹൃത്തുക്കളേ തീരുമാനം നാം മാറ്റേണ്ടിയിരിക്കുന്നു. നമ്മളേക്കാളും ശോച്യാവസ്ഥയിൽ കഴിയുന്നവർ ഈ ഭൂമുഖത്തുണ്ടെന്ന് ഇപ്പോൾ മനസ്സിലായല്ലോ?, നമ്മേ കണ്ട ഭയന്ന വെള്ളത്തിലേക്ക് ചാടിയ തവളകളുടേതിനേക്കാൾ മെച്ചപ്പെട്ടതാണല്ലോ നമ്മുടെ ജീവിതം. പരിപാടി ഉപേക്ഷിച്ച് നമുക്ക് കാട്ടിലേക്ക് മടങ്ങാം.

ഷംന കെ.എസ്




## അതിജീവനം




മക്കളേ നമ്മളീ കാണുന്ന പ്രപഞ്ചം മഹത്തായ അത്ഭുത പുസ്തകമാണ്.പരമാണു മുതൽ താരാപഥങ്ങളും ക്ഷീരപഥങ്ങളും വരെ ഉൾക്കോള്ളുന്ന തുറന്ന പുസ്തകം നീലാകാശം ചൂട് പകരുന്ന സൂര്യൻ നിലാവ് പരത്തുന്ന ചന്ദ്രൻ മഴ പെയ്യിക്കുന്ന കാർമേഘങ്ങൾ സപ്ത വർണ രാജികളുമായി മഴവില്ല് പരന്നു കിടക്കുന്ന മരുഭൂമികൾ അതിൽ കിതകാതെ സഞ്ചരിക്കുന്ന ഒട്ടകങ്ങൾ. മഹാസാഗരങ്ങൾ അതിൽ നിറയെ മീനുകൾ,മിത്തുകൾ,പവിഴപ്പുറ്റുകൾ,കുറേ സമതല പ്രദേശങ്ങൾ അതിൽ ഒഴുകുന്ന അരുവികൾ,നദികൾ,തടാകങ്ങൾ തല ഉയർത്തി നിൽക്കുന്ന പർവതങ്ങൾ അതിൽ നൃത്തം ചവിട്ടുന്ന മയിലുകൾ പാട്ടു പാടുന്ന കുയിലുകൾ ചിന്നം വിളിക്കുന്ന ആനകൾ,ഭംഗിയുള്ള മാൻപേടകൾ, അനേകം കാട്ടുമൃഗങ്ങൾ പ്രകൃതിയെ സംരക്ഷിച്ച് പ്രയോജന പ്പെടുത്താൻ നാം പഠിക്കണം.നമുക്കൊന്ന് പഠിച്ചു നൊക്കാം ഭൂമി ഭൂമിയുടെ മുന്നിൽ രണ്ടും വെള്ളത്താൽ മൂടപെട്ട സമുദ്രങ്ങളാണ് അവശേഷിക്കുന്ന ഒരു ഭാഗം കരയാണ്.കര പ്രദേശങ്ങളിൽ 24%വും പർവതങ്ങളാണ്.

ഏഷ്യയുടെ 64% വും പർവതങ്ങളാണ്
യൂറോപ്പിന്റെ 22% വും പർവതങ്ങളാണ്
ആസ്ട്രോലിയയുടെ 17% വും പർവതങ്ങളാണ്
ആഫ്രിക്കയുടെ 3% വും പർവതങ്ങളാണ്

സൂര്യനും ചന്ദ്രനും ആകാശ ലോകവും സമുദ്രങ്ങളും പർവതങ്ങളും കരയിലെ സസ്യജാലങ്ങളും ജീവജാലങ്ങളും എല്ലാം ഉൾകൊള്ളുന്ന പ്രപഞ്ചമില്ലേ...



പരസ്പര ബന്ധിതമായുള്ള ആവാസ വ്യവസ്ഥയിലാണ് ഈ പ്രബഞ്ചം നിലകൊള്ളുന്നത്.ഒന്നിനെ താളം തെറ്റിച്ചാൽ പ്രബഞ്ചത്തിന്റെ സ്ഥിരമായ നിലനിൽപ്പിന് അത് ഭീഷണി പരത്തും.പർവതങ്ങൾ പറയുന്നത് കേൾക്കൂ ആകാശവും ഭൂമിയും തമ്മിലുള്ള ആത്മബന്ധംത്തിന്റെ ആധാരശിലകൾ ഞങ്ങൾ മലകളാണ്     മേഘചലനങ്ങൾ നിയന്ത്രികുന്നതും മഴപെയ്യികുന്നതും പർവ്വതങ്ങളാണ് .  മലയിൽ പോകുന്ന മഴവെളത്തെ സ്പോഞ്ച് പോലെ ഞങ്ങൾ വലിച്ച് മണ്ണിനടിയിൽ സീക്ഷിക്കും അങ്ങനെ സൂക്ഷിക്കുന്ന ജലം സാവകാശം കുന്നിറങ്ങി ഒഴുകി ഒഴുകി നദികളിലെത്തും

മഴവെള്ളം പോലെ ശീതകാല മഞ്ഞും മലകളിൽ മണ്ണിനടിയിൽ സംഭരിക്കും. ഇങ്ങനെ മഞ്ഞുരുകിയുണ്ടവുന്ന തെളിനീരാണ് വരൾച്ചാകാലത്ത് നീരുറവയായി ഒഴുകുന്നത്.വേനലിലും വസന്തത്തിലും കുറെശ്ശെയായി ഈർപ്പം പുറത്ത് വിടുന്നതും മലകൾ മഞ്ഞിനെ സംഭരിച്ച് വെക്കുന്നത് കൊണ്ടാണ്.

-മലകൾ മഹാ ജലസംഭരണികളാണ്

-ഭൂമിയെ ഉറപ്പിച്ച് നിർത്തുന്ന ആണികളാണ്

-ഭൂമിയെ ആകശവുംമായി ബന്ധിപ്പിക്കുന്ന

കലാവസ്ഥാ വ്യഥതിയാനം എന്നാൽ

-ഒരു സ്ഥലത്ത് കാണപ്പെടുന്ന ദിനാന്തരീക്ഷസ്ഥിതി(weather)യുടെ മാറ്റത്തെയാണ് കാലാവസ്ഥാമാറ്റം എന്ന് പറയുന്നത്.

-ദിനാന്തരീക്ഷസ്ഥിതി